# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2532 — 06/12/2018-ൽ മറുപടിക്ക്

### ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ട രേഖകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ളൈ കോഡ് 2014 ൽ നിഷ്കർഷിച്ചിരുന്നു. കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി ഗാർഹിക വൈദ്യുതി കണക്ഷൻ ഉൾപ്പെടെ എല്ലാ വൈദ്യുതി കണക്ഷനുകളും, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ടു രേഖകൾ മാത്രം ലഭ്യമാക്കിയാൽ, നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട് .<br>ഗാർഹിക വൈദ്യുതി കണക്ഷൻ ഉൾപ്പെടെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിങ്ങിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നടപ്പ വർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, വാടകക്കാരാണെങ്കിൽ വാടകകരാറിന്റെ |

(-- 2)

| | | | |
|---|---|---|---|
| | | | പകർപ്പ് ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജരാക്കാവുന്നതാണ്. ഈ രേഖകൾക്ക പുറമെ, ഗാർഹിക വൈദ്യുതി കണക്ഷന് വേണ്ടി റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ ഡി കാർഡ്, ഇലക്ഷൻ ഐ ഡി കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ജലം/ ഗ്യാസ്/ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജാരാക്കാവുന്നതാണ്.<br>ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ് / പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട് . 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട് . |
| (ബി) | ബി.പിഎൽ.-ൽ ഉൾപ്പെട്ട അപേക്ഷകർക്ക് സൗജന്യ കണക്ഷന് അർഹതയുണ്ടോ; | (ബി) & (സി) | ബി.പിഎൽ.-ൽ ഉൾപ്പെട്ട അപേക്ഷകർക്ക് സൗജന്യ കണക്ഷന് അർഹതയുണ്ട്.<br>നിലവിൽ ഡി. ഡി. യു .ജി.ജെ. വൈ, ഐ.പി.ഡി.എസ് പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് സൗജന്യ കണക്ഷനുകൾ നൽകിവരുന്നത് |
| (സി) | നിലവിൽ സൗജന്യ കണക്ഷൻ ലഭിക്കുന്നതിന് അർഹതപ്പെട്ടവർ ആരൊക്കെയാണെന്നു വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ